(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രി കെട്ടിടത്തിന്റെ വാടക കൊടുക്കേണ്ടത് കായംകൊടി പഞ്ചായത്ത് ബോർഡാണോ;

(ഡി) വാടക കൊടുക്കാത്തതുകൊണ്ടാണോ ആശുപത്രി പ്രസ്തുത കെട്ടിടത്തിൽ നിന്നും മാറാൻ കെട്ടിടം ഉടമ ശ്രമിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി ഡിസ്പെൻസറിക്ക് 25 സെന്റ് സ്ഥലവും നിശ്ചിത മാതൃകയിലുള്ള കെട്ടിടവും സൗജന്യമായി പഞ്ചായത്ത് ലഭ്യമാക്കണമെന്നതാണ് വ്യവസ്ഥ. കെട്ടിടം പണിഞ്ഞുതരാൻ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) അതെ.

(ഡി) ഇല്ല.

കോട്ടൂർ ആയുർവ്വേദ ആശുപത്രിയുടെ കെട്ടിട നിർമ്മാണം

1117 [2046] ശ്രീ. കെ. പങ്കജാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടൂർ ആയുർവ്വേദാശുപത്രിയുടെ കെട്ടിട നിർമ്മാണം പൂർത്തിയായെങ്കിലും വെള്ളവും വെളിച്ചവും ലഭ്യമാക്കാൻ നടപടികളാകാത്തതുകൊണ്ട് വാടകക്കെട്ടിടത്തിൽനിന്ന് പുതിയ കെട്ടിടത്തിലേയ്ക്ക് മാറാൻ കഴിയുന്നില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെള്ളവും വെളിച്ചവും പുതിയ കെട്ടിടത്തിൽ ലഭ്യമാക്കാനും അവിടേയ്ക്ക് ആശുപത്രി എത്രയുംവേഗം മാറി സ്ഥാപിക്കാനും അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

ദേശീയ ആയുർവ്വേദ ഇൻസ്റ്റിറ്റ്യൂട്ട്

1118 [2047] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ആയുർവ്വേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ കേന്ദ്രത്തിനോടാവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) സംസ്ഥാനത്ത് ഒരുദേശീയ ആയുർവ്വേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. സാമ്പത്തിക ഞെരുക്കംമൂലം ഇതു സംബന്ധിച്ച നടപടികളും കേന്ദ്രം നിർത്തിവച്ചിരിക്കുകയാണ്.

ആയുർവ്വേദ കോളേജിലെ ബിരുദ-ബിരുദാനന്തര പഠനങ്ങളും യോജിപ്പിച്ച് പ്രവർത്തിപ്പിക്കണമെന്ന നിർദ്ദേശം

1119 [2048] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആയുർവ്വേദ കോളേജിലെ ബിരുദ-ബിരുദാനന്തര പഠനങ്ങളും ഒരേ അധികാരിയുടെ കീഴിൽ യോജിപ്പിച്ച് പ്രവർത്തിപ്പിക്കണമെന്നു സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ നിർദ്ദേശം നടപ്പിലാക്കിയോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) അണ്ടർ ഗ്രാഡുവേറ്റ് പഠന സൗകര്യമുള്ളിടത്തു മാത്രമേ ബിരുദാനന്തര പഠനം ഏർപ്പെടുത്താവൂ എന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി, ഡി) ഇക്കാര്യം സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിനുമായി ആലോചിച്ചു വരികയാണ്.

ആയുർവ്വേദ ബിരുദാനന്തര കോഴ്സ്

1120 [2049] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ ബിരുദാനന്തര കോഴ്സിലേക്ക് (എം. ഡി. ആയുർവ്വേദം) പൂജപ്പുരയിലുള്ള പി. ജി. സെൻററിൽ കോളേജ് അദ്ധ്യാപകർക്ക് സീററുകൾ സംവരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം;

(ബി) ഈ കോഴ്സിന് ഈ വർഷം ഗവൺമെൻറ് കോളേജുകളിലെ അദ്ധ്യാപകർക്കു പ്രവേശനം നിഷേധിക്കുകയുണ്ടായോ;

(സി) എങ്കിൽ കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly